(ഡി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര സഹായമായി ലഭിച്ച തുക താഴെ പറയും പ്രകാരമാണ്:

വർഷം	തുക (രൂപ കോടിയിൽ)
2001-02	3370.29
2002-03	3846.45
2003-04	3887.78
2004-05	5199.86

സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ ധനവകുപ്പിന്റെ പരിശോധന

37 [494] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേന്റെ പ്രവർത്തനം സംബന്ധിച്ച് സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പരിശോധനാ വിഭാഗം എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം

38 [495] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം കേരളത്തിൽ ഇപ്പോൾ പ്രാബല്യത്തിൽ ഉണ്ടോ;

(ബി) ഈ നിയമത്തിന് വിരുദ്ധമായി അന്യ സംസ്ഥാന ലോട്ടറികൾ കേരളത്തിൽ പ്രവർത്തിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ എത്ര റെയിഡുകൾ നടന്നിട്ടുണ്ട്; എത്ര കേസുകൾ എടുത്തിട്ടുണ്ട് ; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്ലേവിൻ എന്ന കമ്പനി ടാക്സ് ഇനത്തിൽ നൽകേണ്ട തുക പിരിച്ചെടുക്കുവാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അവരിൽ നിന്നും എത്ര തുക സർക്കാർ ഇതുവരെ പിരിച്ചെടുത്തിട്ടുണ്ട് ;

(ഇ) പ്ലേവിൻ കമ്പനിയും, ഓൺലൈൻ ലോട്ടറിയും നടത്തിയ മറ്റ് ഏജൻസികളും ടാക്സ് ഇനത്തിൽ സർക്കാരിന് നൽകാനുള്ള തുക എത്രയാണ്; ഇതിന്മേൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) വാണിജ്യ നികുതി വകുപ്പിന്റെ നേതൃത്വത്തിൽ 15 റെയിഡുകൾ നടത്തിയിട്ടുണ്ട്. 4 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്യ സംസ്ഥാന ലോട്ടറി കൾക്കെതിരെ ലോട്ടറി വകുപ്പിന്റെ നേതൃത്വത്തിൽ മുപ്പതോളം റെയിഡുകൾ നടന്നു. കൂടുതൽ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) പ്ലേവിൻ കമ്പനി 2001-02 മുതൽ 2003-04 വരെ 3.75 കോടി രൂപ പ്രതിമാസ റിട്ടേണുകളായി അടച്ചിട്ടുണ്ട്.

(ഇ) സ്മാർട്ട് വിൻ ലോട്ടറി ഏജൻസിയിൽ നിന്നും 2004-05 വർഷത്തിൽ പിരിച്ചെടുക്കാനുള്ള 8.43 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ എറണാകുളത്ത് 6 കമ്പനികളിൽ നിന്നായി 1.12 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

ക്ഷേമ പദ്ധതികളനുസരിച്ചുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ നടപടി

39 [496] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പദ്ധതികളനുസരിച്ചുള്ള പെൻഷൻ കുടിശ്ശിക മാസങ്ങളായി വിതരണം ചെയ്തിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ;

(സി) വിവിധ ക്ഷേമ പദ്ധതികളനുസരിച്ച് ഓരോ പെൻഷൻ പദ്ധതികളിലുമായി എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) അവ ഓരോന്നും വിതരണം ചെയ്യുന്നതിന് എന്തു തുക വീതം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക തീർത്ത് പെൻഷൻ തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly